പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 551 27.09.2011 ൽ മറുപടിക്ക്

## വിവര സാങ്കേതിക രംഗത്തെ മുന്നേറ്റത്തിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ വിവര സാങ്കേതിക രംഗത്തെ മുന്നേറ്റത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) ഐ.ടി. വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും വേണ്ടിയുള്ള വിവിധ കർമ പദ്ധതികൾ തയ്യാറാക്കുകയും അത് നടപ്പിലാക്കുകയും ചെയ്യും. ഇതു കൂടാതെ ഇ-ഗവേണൻസിന് ഊന്നൽ നൽകുകയും ജനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുമാണ് ഓരോ ഇ-ഗവേണൻസ് പദ്ധതിയും നിലവിൽ വരുന്നത്. ജനകേന്ദ്രീകൃതമായ ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങൾ ഇ-ഗവേണൻസ് പദ്ധതി വഴി ജനങ്ങളിൽഎത്തിക്കുന്നതിനും ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാനും വരവ്, ചിലവ് കണക്കുകൾ കൂടുതൽ കാര്യക്ഷമമാക്കാനും ഇവ ഊന്നൽ നൽകുന്നു. |
| (ബി) ഇത് സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. വിവിധ മേഖലകളിലുള്ള വിദഗ്ധരുടെയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും മുൻപാകെ കരട് നയം അവതരിപ്പിക്കുകയും അവർ നൽകിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുകയും അവയിൽ പ്രാധാന്യമുള്ളവ കരട് നയത്തിൽ ഉൾപ്പെടുത്താനുള്ള നടപടികൾ നടന്നു വരുന്നു. |

(സി) കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

(സി) 23.02.2011-ൽ 131.41 ഏക്കർ സ്ഥലത്തിനുള്ള Fist Lease Deed - ഉം 114.59 ഏക്കർ സ്ഥലത്തിനുള്ള Second Lease Deed – ഉം രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന് 131.41 ഏക്കർ സ്ഥലം ഒരു പ്രത്യേക സാമ്പത്തിക മേഖലയായി അംഗീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം 01.03.2011-ൽ പുറപ്പെടുവിക്കുകയുണ്ടായി. 246 ഏക്കർ സ്ഥലം ഒറ്റ SEZ ആയി വിജ്ഞാപനം ചെയ്യണമെന്നുള്ള സ്മാർട്ട് സിറ്റിയുടെ അപേക്ഷ 19.09.2011-ൽ SEZ Board of Approval, Ministry of Commerce പരിഗണിക്കുകയും പ്രസ്തുത ആവശ്യം അംഗീകരിക്കുകയും ചെയ്തു. വിജ്ഞാപനം താമസംവിനാ പുറപ്പെടുവിക്കുമെന്ന് കരുതുന്നു. Smart City Project Office cum Sales Pavilion Building-ന്റെ നിർമ്മാണം ഉടൻ തന്നെ ആരംഭിക്കും.

സെക്ഷൻ ഓഫീസർ